15 -ാം കേരള നിയമസഭ

5 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4336 — 18-07-2022 - ൽ മറുപടിയ്ക്ക്

# വൈദ്യുതി വേലി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | ശ്രീ . കെ . കൃഷ്ണൻകുട്ടി (വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | വന്യജീവികളിൽ നിന്ന് തോട്ടം വിളകളും വീട്ടുകളും സംരക്ഷിക്കാൻ വേലി കെട്ടി അതിൽ വൈദ്യുതി കടത്തിവിടുന്നതിലൂടെ നിരപരാധികളായ വഴിയാത്രക്കാർ മരണപ്പെടുന്നത് വൈദ്യുതി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം നടപടികൾ നിയന്ത്രിക്കാനും അവസാനിപ്പിക്കുവാനും നഷ്ടപരിഹാരം വാങ്ങി നൽകുവാനും നാളിതുവരെയായി നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; | (എ) | വൈദ്യുതി വേലികളിൽ നിന്നും വഴിയാത്രക്കാർ മരണപെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വേലി കെട്ടി അതിലൂടെ വൈദ്യുതി കടത്തി വിടാൻ നിലവിൽ അംഗീകൃത കണക്ഷൻ കെ.എസ്.ഇ.ബി.ലിമിറ്റഡ് അനുവദിക്കുന്നില്ല. അനധികൃത വൈദ്യുത വേലി സ്ഥാപിക്കൽ ഇലക്ട്രിസിറ്റി ആക്റ്റ്, 2003-ന്റെ ഭാഗം xiv - കുറ്റങ്ങളും പിഴകളും - 135(1)(ഇ) വകുപ്പിന്റെ പരിധിയിൽ വരുന്നു. അനധികൃതമായാണ് ഉപഭോക്താക്കൾ ഇങ്ങനെ ഉള്ള വേലികളിൽ കണക്ഷൻ കൊടുക്കുന്നത്. ഇത്തരം പ്രവൃത്തികൾ ശ്രദ്ധയിൽപ്പെടുമ്പോൾ അതിനനുസൃതമായ ശിക്ഷ നടപടികൾ പിഴ ചുമത്തുന്നതുൾപ്പെടെ അതാത് സമയത്ത് സ്വീകരിച്ചു വരുന്നുണ്ട്. ഇത് കൂടാതെ പൊതുജനങ്ങൾക്കു വേണ്ടത്ര ബോധവത്കരണം നടത്തുന്നതിനുള്ള പരസ്യ പ്രചാരണം നൽകുന്നുണ്ട്. അനധികൃതവും നിയമവിരുദ്ധവുമായ പ്രസ്തുത പ്രവൃത്തികൾ ചെയ്യുന്നവർക്കെതിരായി പോലീസ് കേസ് രജിസ്റ്റർ ചെയ്തു നിയമനടപടികളും ശിക്ഷാ നടപടികളും കൈകൊള്ളാറുണ്ട്. കെ.എസ്. ഇ.ബി. ലിമിറ്റഡിന്റെ വൈദ്യുതി സുരക്ഷ പദ്ധതി പ്രകാരം കെ.എസ്.ഇ.ബി.ലിമിറ്റഡിന്റെ പ്രതിഷ്ഠാപനങ്ങളിൽ നിന്നും സംഭവിക്കുന്ന വൈദ്യുതി അപകടങ്ങൾക്ക് വ്യവസ്ഥകൾക്ക് വിധേയ മായി ആശ്വാസ ധനസഹായത്തിന് അർഹതയുണ്ട്. അനധികൃതമായി വേലി കെട്ടി അതിൽ വൈദ്യുതി കടത്തിവിടുന്നത് നിയമവിരുദ്ധവും ഉപഭോക്താവിന്റെ പ്രതിഷ്ഠാപനങ്ങളിൽ നിന്നും ആകയാൽ അത്തരം അപകടങ്ങൾക്ക് ആശ്വാസ ധനസഹായത്തിന് അർഹതയില്ല. |
| (ബി) | സംസ്ഥാനത്ത് ഇത്തരം വൈദ്യുതി വേലികളിൽ കുടുങ്ങി എത്ര പേരാണ് മരണപ്പെട്ടതെന്ന് വൈദ്യുതി വകുപ്പ് കണക്ക് സൂക്ഷിക്കുന്നുണ്ടോ; മരണപ്പെട്ടവർക്ക് നാളിതുവരെ നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ; | (ബി) | സംസ്ഥാനത്തു പൊതുജനങ്ങൾക്കു വൈദ്യുതാഘാതമേറ്റ് സംഭവിക്കുന്ന അപകടങ്ങൾ രണ്ടായി തരം തിരിച്ചു കെ.എസ്.ഇ.ബി.ലിമിറ്റഡിന്റെ പ്രതിഷ്ഠാപനം എന്നും ഉപഭോക്താവിന്റെ |

| | | | |
|---|---|---|---|
| | ഇത്തരം പ്രവർത്തനങ്ങൾ തടയുന്നതിന് വകുപ്പ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടി വ്യക്തമാക്കുമോ? | | പ്രതിഷ്ഠാപനം എന്നും വേർതിരിച്ച് കെ.എസ്.ഇ.ബി.ലിമിറ്റഡിന്റെ പ്രതിഷ്ഠാപനങ്ങളിൽ നിന്നും സംഭവിക്കുന്ന അപകടങ്ങൾക്ക് നിലവിൽ ആശ്വാസ ധനസഹായം അനുവദിച്ചുവരുന്നു. ഉപഭോക്താവിന്റെ പ്രതിഷ്ഠാപനങ്ങളിൽ നിന്നും വൈദ്യുതി വേലിയുമായി സമ്പർക്കത്തിൽപെട്ട് മരണം സംഭവിക്കുന്നവർക്ക് ആശ്വാസധനസഹായത്തിന് അർഹതയില്ല. അത്തരം അപകടങ്ങൾ സംഭവിക്കുന്നതിന് കാരണക്കാരായ ഉപഭോക്താക്കൾക്കെതിരായി പോലീസ് കേസ് രജിസ്റ്റർ ചെയ്ത് നിയമനടപടികളും ശിക്ഷാ നടപടികളും കൈകൊള്ളാറുണ്ട്. വൈദ്യുതഅപകടങ്ങൾ റിപ്പോർട്ട് ചെയ്യുന്ന സ്മാർട്ട് വെബ്സൈറ്റിൽ കഴിഞ്ഞ രണ്ടു വർഷമായി സംസ്ഥാനത്തു വൈദ്യുതി വേലിയുമായി സമ്പർക്കത്തിൽപെട്ട് മുപ്പതോളം പേർ അപകടത്തിൽപെട്ടതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br><br>ഉപഭോക്തൃ പരിസരത്ത് പരിശോധന നടത്തുന്നതിനും അനധികൃതമായി വൈദ്യുത വേലി സ്ഥാപിക്കുന്നവർക്കെതിരെ ആവശ്യമായ നടപടികൾ സ്വീകരിക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ